of the Cochin rubber planters it is highly necessary that the import from Burma of uncouponed rubber should be prohibited without any further delay. When the two Governments concerned have come to an agreement on the subject it should be possible to expedite the amendment of the Regulation Order and the Government of Cochin hope that the Central Government would take the necessary steps in this direction".

This is the last letter that we have written to the Resident on this subject and this will show that we have done what is actually mentioned in the resolution *i.e.* we have conveyed the disappointment of this Government so far as this matter is concerned to the Government of India. I do not think the House will expect anything further that this Government can do. And I am sure the parties concerned will try to expedite and bring into effect a revised trade agreement.

Mr. V. J. Mathai *(Planters):* Since the Government accepts the resolution and has done what is necessary in the matter there is no necessity for any reply.

Resolution accepted by Government

11. Persons with degrees, diplomas, etc., to be preferred for appointments as Teachers

Mr. C. V. Iyyu *(Kunnamkulam):* I move *"This Council recommends to the Government that in all recruitments of teachers either in the Government or aided service preference shall be given to those who have either a degree or diploma or certificate in teaching from a recognised College or institute overlooking the claims of untrained hands in the waiting list without affecting communal rotation when the recruitment is to the Government service".*

മിസ്റ്റർ സി. വി. ഇയ്യു : സർ, ഈ പ്രമേയം ഈ സഭയിൽ അവതരിപ്പിക്കുവാനിടവന്നതു" ഈ ഗവൺമെണ്ടു തന്നെയല്ല മറെറല്ലാ പരിഷ്കൃത ഗവൺമെണ്ടുകളും ബാലന്മാരേയും, ബാലികമാരേയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു് അദ്ധ്യാപകന്മാർക്കു പ്രത്യേക പരിശീലനം കൊടുത്തു" അങ്ങിനെയുള്ള അദ്ധ്യാപകന്മാരെക്കൊണ്ടു് വിദ്യാഭ്യാസം കഴിപ്പിക്കണമെന്നുള്ള ഒരു തത്വം വിദ്യാഭ്യാസത്തിന്റെ മൂലതത്വങ്ങളിൽ ഒന്നായി സ്വീകരിച്ചിട്ടുള്ള ഒരു സംഗതിയാകകൊണ്ടും നമ്മുടെ സമീപമുള്ള മദ്രാസ് ഗവൺമെണ്ടു മുതലായ ഗവൺമെണ്ടുകൾ വിദ്യാഭ്യാസത്തിന്റെ പുരോഗതിയെ പുരസ്കരിച്ചു സ്വീകരിച്ചുവന്നിട്ടുള്ള ഒരു നയമായിരിക്കകൊണ്ടും നമ്മുടെ ഗവൺമെണ്ടും ടെയിനിംഗ് സ്കൂളുകൾ നടത്തി അദ്ധ്യാപകന്മാർക്കു പരിശീലനം നടത്തുന്നതിനു വേണ്ട എർപ്പാടു ചെയ്കയും ചെയ്തുവരുന്നു എന്നതുതന്നെയല്ല, പരിശീലനം കഴിച്ചുവർക്കു മൻഗണന കൊടുക്കണമെന്ന ഒരു കല്പന ഏഴുതി അയച്ചിട്ടും മനഃപൂർവ്വമായി ആ കല്പനയെ അവഗണിച്ചു", പരിശീലനം കഴിച്ച അദ്ധ്യാപകന്മാർ സുലഭമായിരി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കെ, അവരുടെ അവകാശങ്ങളെ അവഗണിച്ചു, സ്കൂളുകളിൽനിന്നും കോളേജുകളിൽ നിന്നും, അദ്ധ്യാപകപരിശീലനം സിദ്ധിക്കാതെ പുറത്തുവരുന്ന സാധാരണക്കാരെ എയിഡഡ് സ്കൂളുകളിലും ഗവൺമെണ്ട് സ്കൂളുകളിലും യാതൊരു വ്യവസ്ഥയുമില്ലാതെ നിയമിക്കുന്ന സമ്പ്രദായം മാറേണ്ടതു് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനാണു്. ഇങ്ങിനെ ഒരു പ്രമേയം ഇവിടെ അവതരിപ്പിക്കേണ്ട ആവശ്യം വന്നതിൽ ഞാൻ വളരെ ദുഃഖിക്കുന്നു. ഏകദേശം ഒന്നിലധികം കൊല്ലമായി ഈ സഭയിലെ പല അംഗങ്ങളും ചോദ്യങ്ങൾ മൂലവും ഉപചോദ്യങ്ങൾമൂലവും ഈ അനീതിയെ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. എന്നിട്ടും ഗവൺമെണ്ടു നീതിയായും ന്യായമായും ഉള്ള ഒരു മറുപടികൊണ്ടു ഈ സഭയേയോ പൊതുജനങ്ങളെയോ ബോദ്ധ്യപ്പെടുത്തീട്ടില്ല. ശരിയായി അദ്ധ്യാപനപരിശീലനം കഴിച്ചിട്ടുള്ള ആളുകളിൽ തൊഴിലില്ലാതെ എത്രപേർ വെറുതെ ഇരിക്കുന്നുണ്ടെന്നു ഗവൺമെണ്ടിനോടു പല അവസരങ്ങളിലും ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളതായി നിയമസഭയിലെ റിക്കാർഡുകൾ സാക്ഷ്യം വഹിക്കുന്നുണ്ടു്. ഈ ചോദ്യങ്ങൾ ചോദിച്ചിട്ടുള്ള അവസരങ്ങളിൽ, ഗവൺമെണ്ടിനു യാതൊരു വിവരവുമില്ലെന്നാണു് പറഞ്ഞിട്ടുള്ളതു്. എത്രപേർ ഉണ്ടെന്നന്വേഷിക്കാൻ ഗവൺമെണ്ടു തയ്യാറില്ല. അദ്ധ്യാപനപരിശീലനം കഴിച്ചശേഷം തൊഴിലില്ലാതിരിക്കുന്ന അദ്ധ്യാപകന്മാർ ഒരു സംഘമായി രൂപീകരിച്ചു് സംഘടിതമായ രീതിയിൽ പ്രക്ഷോഭണം കൊച്ചിരാജ്യത്തു് നടത്തുന്നുണ്ടു്. ഇതു് ശ്രീമതിയായ തനിക്കുണ്ടെന്നഭിമാനിക്കുന്ന മികച്ച വിദ്യാഭ്യാസപുരോഗതിയുടെ നിലക്കു ഒരു വലിയ പോരായ്മയായിതീർന്നിട്ടുണ്ടെന്നാണു് എന്റെ പക്ഷം. മദ്രാസു് ഗവൺമെണ്ടു ഭരിക്കുന്ന സംസ്ഥാനങ്ങളിൽ, അദ്ധ്യാപകപരിശീലനം സിദ്ധിച്ചിട്ടുള്ളവരിൽ, എയിഡഡ് സ്കൂളുകളിലോ ഗവൺമെണ്ടു സ്കൂളുകളിലോ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടത്തിവരുന്ന സ്കൂളുകളിലോ ജോലികിട്ടാതെ ഇരിക്കുന്നതായിയാതൊരദ്ധ്യാപകനേയും കാണുകയില്ല. എന്നതന്നെയല്ല അദ്ധ്യാപക പരിശീലനം ലഭിച്ചിട്ടുള്ള അദ്ധ്യാപകന്മാരെ കിട്ടുന്നതിനു് നിവൃത്തിയില്ലാതെവന്നാൽ മാത്രമേ, അദ്ധ്യാപക പരിശീലനം ലഭിച്ചിട്ടില്ലാത്ത അദ്ധ്യാപകന്മാരെ നിയമിപ്പാൻ പാടുള്ളു എന്നുള്ള നിയമവും കൂടിയുണ്ടു്. ഗ്രാഡുവേറ്റന്മാരായാലും, Under graduate ആയാലും അദ്ധ്യാപന പരിശീലനം സിദ്ധിച്ചിട്ടില്ലാത്തവരെ യാതൊരു സ്കൂളുകളിലും അദ്ധ്യാപകനായി നിയമിക്കാൻ പാടില്ലെന്നു് ഖണ്ഡിതമായ നിയമമുണ്ടു്. എയിഡഡ് സ്കൂളുകളിലാണെങ്കിൽ ഇങ്ങനെയുള്ള അദ്ധ്യാപകന്മാർക്കു് വളരെ തുച്ഛമായ ഗ്രാന്റു് മാത്രമാണു് കൊടുത്തുവരുന്നതു്.

മിസ്റ്റർ വി. കെ. കുട്ടി: അവിടത്തെ അദ്ധ്യാപകന്മാരുടെ കുറഞ്ഞ ക്വാളിഫിക്കേഷൻ എന്താണു്?

മിസ്റ്റർ സി. വി. ഇയ്യു: ഏറ്റവും കുറഞ്ഞ ക്വാളിഫിക്കേഷൻ ഫയർ എലിമെൻററിയും ടെയിനിംഗും ആണു്. മലബാറിനെ സംബന്ധിച്ചിടത്തോളം സെക്കൻററി ടെയിനിംഗു് കഴിഞ്ഞ ഒരാളെ കിട്ടുവാനില്ലെങ്കിൽ, പത്രങ്ങളിൽ പരസ്യംചെയ്തു അപേക്ഷകൾ ക്ഷണിച്ചും അന്വേഷിച്ചതിനുശേഷം ഇല്ലെന്നറിഞ്ഞാൽ മാത്രമെ ഫയർ എലിമെൻററി ടെയിനിംഗു കഴിഞ്ഞവരേയും ടെയിനിംഗു കഴിക്കാത്തവരേയും നിയമിക്കാൻ പാടുള്ളു എന്നുകൂടി നിയമമുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി: ലിറ്ററേറി ക്വാളിഫിക്കേഷൻ തന്നെ അ
യാൾക്കു വേണ്ടേ?

മിസ്റ്റർ സി. വി. ഇയ്യു: വേണം. ലിറ്ററേറി ക്വാളിഫിക്കേഷൻ അവിടെ കമ്പൽസറിയാക്കീട്ടുണ്ടു്. അതിനേക്കാൾ വളരെ അഡ്വാൻസ്ഡ് ചെയ്തിട്ടുള്ള നമ്മുടെ രാജ്യത്തിൽ ഇരുന്നൂറോ മുന്നൂറോ അദ്ധ്യാപകന്മാർ മാത്രമെ അദ്ധ്യാപക പരിശീലനം സിദ്ധിച്ചിട്ടുള്ളവരായി സർവ്വീസിൽ ഉള്ളൂ. നമ്മുടെ ഗവമ്മെണ്ടു് അദ്ധ്യാപക പരിശീലനം സിദ്ധിച്ചിട്ടില്ലാത്ത ആളുകളെയാണു് അധികവും നിയമിക്കുന്നതു്. ഇതു് ഗവമ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണു് ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതു്. ട്രെയിനിംഗ് കഴിക്കാത്ത ആളുകളെ ഇങ്ങനെ നിയമിക്കുന്നതു് സ്കൂളിന്നതന്നെ വലിയ മോശമാണു്. ട്രെയിനിംഗ് കഴിക്കുന്നതു് വലിയ നഷ്ടമാണു്. ട്രെയിനിംഗ് കഴിക്കുന്നതിനു് ഒരാൾക്കു് ന്ന ക്ര. ണ. ചിലവു വരും. ഇപ്പോഴത്തെ സ്ഥിതിയിൽ ഈ ചിലവു നഷ്ടമാണു്. ഫ്രഫർ-ൽ അൺട്രെയിൻഡായിട്ടുള്ള (untrained) അദ്ധ്യാപകന്മാരെ നിയമിച്ചവരുടെ എണ്ണം സംബന്ധിച്ചു് ബഹുമാനപ്പെട്ട തലപ്പിള്ളി ഈഴവ മെമ്പർ ചോദിച്ച ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗവമ്മെൻറു് പറഞ്ഞ മറുപടിയിൽ ഫ ങ്ങ പേരെ നിയമിച്ചതിൽ ന്ന പേർ മാത്രമെ ട്രെയിൻഡായിട്ടുള്ളവരുള്ളൂ എന്നു് സമ്മതിച്ചിട്ടുണ്ടു്. പ്രൈവറ്റായി ട്രെയിനിംഗ് കഴിച്ചവരായി, കഴിഞ്ഞ ങ കൊല്ലത്തിനുള്ളിൽ ഫന്ന പേർ ഉണ്ടു്. ഇതിൽ ന്ന പേരെ മാത്രമെ ഉദ്യോഗത്തിൽ നിയമിച്ചിട്ടുള്ളൂ. ബാക്കി നിയമിതരായ ഫ ങ ഠ പേരെ അൺട്രെയിൻഡായിനിയമിച്ചതു നിമിത്തം ഗവമ്മെൻറു് ഇവരെ ട്രെയിനിംഗ് കഴിപ്പിപ്പാൻ ര്ന,വ്ങന്ന ക്രപാ ര് ണ. നഷ്ടപ്പെടേണ്ടതായി വരുന്നതാണു്. ഗവമ്മെൻറു് ട്രെയിനിംഗ് കഴിക്കാത്ത ആളുകളെ ഇങ്ങനെ നിയമിക്കുന്നതുമൂലം ഗവമ്മെൻറിന്റെ വരുമാനത്തിൽ നല്ലൊരു തുക അനാവശ്യമായി ചിലവാക്കേണ്ടതായി വരുന്നതാണു്. ഈ നയം മാറ്റിവെച്ചു് ട്രെയിനിംഗ് കഴിച്ച അദ്ധ്യാപകന്മാരെ നിയമിക്കണമെന്നാണു് എനിക്കു് ഈ സഭയോടു് പറയാനുള്ളതു്. കൊച്ചി രാജ്യത്തെ എല്ലാ സ്കൂളുകളിലുംകൂടിയുള്ള അൺട്രെയിൻഡായിട്ടുള്ള അദ്ധ്യാപകന്മാരുടെ എണ്ണം എത്രയാണെന്നു് കഴിഞ്ഞ വ്യശ്ചികം സെഷനിൽ ഗവമ്മെൻറു് പറഞ്ഞിട്ടുള്ള മറുപടിയിൽനിന്നു് എത്ര ഭീമമാണെന്നു് നമുക്കു് മനസ്സിലാക്കാം. സക്കാർ സ്കൂളുകളിൽ ട്രെയിനിംഗ് പാസ്സാകാത്ത അദ്ധ്യാപകന്മാർ ന ന -ം എയിഡഡ് സ്കൂളുകളിൽ ഫ ങ വ്യ-ം ആണു്. സക്കാർ സ്കൂളുകളിൽ(thrownout) ത്രോണൌയിട്ടു് ന്നൂന പേരും എയിഡഡ് സ്കൂളുകളിൽ ഫ ൻ ഫ പേരും ഉണ്ടെന്നു് ഗവമ്മെൻറു് സമ്മതിക്കുന്നുണ്ടു്. ട്രെയിനിംഗ് പാസ്സാകാതെ ഉദ്യോഗത്തിൽ വെക്കാൻ പാടില്ലെന്നു് ഗവമ്മെൻറു് കല്പന പുറപ്പെടുവിച്ചശേഷം ട്രെയിനിംഗ് പാസാകാതവരായി സക്കാർ സർവ്വീസിൽ ങ ന ഫ പേരേയും എയിഡഡ് സ്കൂളുകളിൽ ന് ഠ ഫ പേരേയും പുതുതായി ഉദ്യോഗത്തിൽ നിയമിച്ചിട്ടുണ്ടു്. ഒടുവിലത്തെ കല്പനക്കുശേഷം സക്കാർ സ്കൂളുകളിൽ ഫ ന്യ പേരേയും എയിഡഡ് സ്കൂളുകളിൽ ര ങ ന്ന പേരേയും സ്ഥിരപ്പെടുത്തിയിട്ടുണ്ടു്. ട്രെയിനിംഗ് പാസ്സായിട്ടുള്ളവരായി എത്രപേർ സക്കാർ സർവ്വീസിലുണ്ടെന്നോ ഗവമ്മെൻറിനു് വിവരമില്ല. പ്രൈവറ്റായി ട്രെയിനിംഗ് കഴിക്കുന്ന വകയിൽ ന്യ ഠ ക്രപ ഫ ണ. ഒരു സ്കൂളിൽനിന്നും ന്യ ഠ ക്രപാ ഒരു പുരുഷനിൽനിന്നും മാത്രമാ കൊല്ലവും ഗവമ്മെൻറിലേക്കു് കിട്ടുന്നുണ്ടു്. ഇങ്ങനെയുള്ള ആളുകൾ ഫ ഫ ങ-ൽ ങര-ം ഫ ഫ ന-ൽ ങ ന്യ-ം പേർ ഉണ്ടു്. ഈ സംഗതികളെ സംബന്ധിച്ചു് കഴിഞ്ഞ മിനം സെ

LIBRARY ARCHIVES Kerala Legislative Assembly

ഷനിൽ വാദപ്രതിവാദം നടന്ന അവസരത്തിൽ ടെയിനിംഗ് കഴിക്കാത്ത ഒൻ ഒ ആളുകളെ ഫൻ സ ഒക്ടോബർ ഫ-ാംസ-വരെ സ്ഥിരപ്പെടുത്തിട്ടുണ്ടെന്നും വിദ്യാഭ്യാസ മെമ്പർ പറയുകയുണ്ടായി. ഇതിനുപുറമെ ടെയിനിംഗ് പരീക്ഷയിൽ ഏതെങ്കിലും വിഷയത്തിൽ തോറ്റാൽ സക്കാർ സർവ്വീസിലൊ എയിഡഡ് സർവ്വീസിലൊ ഉള്ളവരാണെങ്കിൽ അവരെ സർവ്വീസിൽ നിന്നും പിരിച്ചു വിടുകയും അതു പാസ്സാകുന്നതുവരെ സർവ്വീസിൽ പ്രവേശിക്കാൻ പാടില്ലെന്നും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഒരു വിഷയംമാത്രം തോറ്റവർ പുറത്തു നില്ക്കുമ്പോൾ യാതൊരു പരിശീലനവും സിദ്ധിക്കാത്ത ആളുകളെയാണ് ഗവൺമെൻറ് പുതിയതായി നിയമിക്കുന്നതു്. ഇങ്ങനെ നാലുപേരെ നിയമിച്ചതായി അതെ നിയമസഭയിൽതന്നെ ഡയറക്ടർ അവർകൾ മറുപടി പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ വൃശ്ചികം നിയമസഭയിൽ ബഹുമാനപ്പെട്ട ദിവാൻ പ്രസിഡെണ്ടുവർകൾതന്നെ ഈ സംഗതിയെക്കുറിച്ചു് വാദപ്രതിവാദം നടന്ന സമയത്തു് പറഞ്ഞ മറുപടിയിൽ പ്രധാനമായ ഒരു പോയിൻറ് ഞാൻ ഇവിടെ പറയാം. അതായതു് ടെയിനിംഗ് പാസ്സായ ആളുകളെസംബന്ധിച്ചു് സ്റ്റേറ്റ്മെൻറും ടെയിനിംഗ് വേണമെന്ന രൂപവെക്കുന്നതായ്ത്തിൽ ഗവൺമെൻറിനു് യാതൊരു വിരോധവുമില്ല. എന്നാൽ ഇങ്ങനെയുള്ളവരെ അധഃകൃത സമുദായത്തിൽ നിന്നും അവശ സമുദായത്തിൽനിന്നും കിട്ടുകയില്ല എന്നതാണ് ഗവൺമെൻറിൻെറ വിഷമത എന്നും, ടെയിനിംഗ്കൂടി അദ്ധ്യാപക നിയമത്തിനു് അത്യാവശ്യമെന്നു് കാണിച്ചു് ഒരു പ്രമേയം ഇവിടെ പാസ്സാക്കുന്നപക്ഷം ഗവൺമെണ്ടു് ഇതിനെക്കുറിച്ചു് ആലോചിക്കാമെന്നും മറുപടി പറഞ്ഞിട്ടുണ്ട്. ആ മറുപടിയെ ആസ്പദമാക്കിയാണ് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. ഈ പ്രമേയമനുസരിച്ചു് അധഃകൃത സമുദായത്തിലൊ, അവശ സമുദായത്തിലൊ ഉള്ള യാതൊരാൾക്കും ടെയിനിംഗ് പാസ്സായിട്ടില്ലാത്ത കാരണംകൊണ്ടു് ഉദ്യോഗത്തിനുള്ള അവകാശം നഷ്ടപ്പെട്ടുപോകുന്നില്ല.

ഈ പ്രമേയം ഗവൺമെൻറ് സ്വീകരിച്ചാൽതന്നെ, ഗവൺമെൻറിൻെറ നയത്തിനു് യാതൊരു ഭംഗവും വരാത്ത നിലയിൽ പ്രവൃത്തിക്കാൻ സാധിക്കും. ടെയിനിംഗുകഴിച്ച ഒരു പ്രത്യേക സമുദായത്തിലെ ഒരു ആളും ടെയിനിംഗുകഴിക്കാത്ത അതെ സമുദായത്തിലെ ആളും ഒരേ ഒരു അദ്ധ്യാപകജോലിക്കു അപേക്ഷിക്കുകയാണെങ്കിൽ ടെയിനിംഗുകഴിച്ച ആൾക്കു് പ്രിഫറൻസ് കൊടുക്കണമെന്നു ഞാൻ പറയുന്നുള്ളൂ. ആക്ടിംഗ് ഫാൻറായി ജോലിയെടുത്തിട്ടുള്ള ആളേക്കാൾ ടെയിനിംഗ് പാസ്സായ ആൾക്കു് മുൻഗണന കൊടുക്കണം എന്ന സമ്പ്രദായം മദ്രാസ് സംസ്ഥാനത്തു് നടപ്പുള്ളതാണ്. ടെയിനിംഗ് കഴിച്ച അദ്ധ്യാപകന്മാരെ കിട്ടുമെങ്കിൽ, ടെയിനിംഗുകഴിക്കാത്ത ആളുകൾ സർവ്വീസിൽ ഉണ്ടെങ്കിൽ അവരെ പിരിച്ചയച്ചു് ടെയിനിംഗ് പാസ്സായവരെ നിയമിക്കണമെന്നുള്ളതാണ് ആ സമ്പ്രദായം. ടെയിനിംഗ് ഉള്ളവർക്കു മാത്രമെ സ്ഥിരംജോലി കൊടുക്കുകയുള്ളൂ.

മിസ്റ്റർ വി. കെ. കുട്ടി: തിരുവിതാംകൂറിലുമിങ്ങിനെയാണോ?

മിസ്റ്റർ സി. വി. ഇയ്യു: തിരുവിതാംകൂറിലും ഇങ്ങനെയാണെന്നു തോന്നുന്നുണ്ടു്. ബ്രിട്ടീഷിൽ ഇങ്ങിനെയാണു്. ഏകദേശം പത്തു പന്ത്രണ്ടു കൊല്ലങ്ങൾക്കുമുമ്പു് നടപ്പിലുള്ള ഒരു സമ്പ്രദായമാണിതു്. അതു് ഇവിടെ നടപ്പിൽ വരുത്തണമെന്നുമാത്രമെ ഈ പ്രമേയത്തിൽ പറയുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. R. Viswambharan *(Ezhuvas-Talappalli):* I second the resolution.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: Fully trained ആകണമെങ്കിൽ എത്ര കൊല്ലം വേണ്ടിവരും?

റാവുസാഹിബ് ഐ. എൻ. മേനോൻ: ഒരു കൊല്ലം ട്രെയിനിംഗ് സ്കൂളിൽ പഠിക്കണം. പിന്നെ മൂന്നു കൊല്ലം സ്കൂളിൽ പഠിപ്പിച്ചുകഴിഞ്ഞാലെ സർട്ടിഫിക്കറ്റ് കൊടുക്കുകയുള്ളു, ടീച്ചിംഗ് പവർ ഉണ്ടോ എന്നറിയണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർട്ടിഫിക്കറ്റ് കിട്ടാൻ മൂന്നു കൊല്ലം ടീച്ചറായിരിക്കണമോ?

റാവുസാഹിബ് ഐ. എൻ മേനോൻ: വേണം.

Mr. V. K. Bhaskara Menon *(Cranganur):* With your permission, Sir, I beg to move under S. O. 26 that the House be adjourned.

Mr. T. A. Ramachandra Ayyar *(Nellayi):* I second it.

The House stood adjourned sine die at 4-5 p.m.

C. J. MATHEW
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly